24/10/2024

# സിനിമ നയം

സംസ്ഥാനത്തിന്റെ സിനിമ നയം രൂപീകരിക്കുന്നതിനായി കേരള സർക്കാർ, KSFDC ചെയർമാൻ ശ്രീ. ഷാജി എൻ കരുണിന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി സിനിമ മേഖലയുമായി ബന്ധപ്പെട്ട അമ്പതോളം സംഘടനകളുടെ ഭാഗമായ നാന്നൂറിലേറെ വ്യക്തികളുമായി ചർച്ച നടത്തി വരുകയാണ്. ഇതിനു പുറമെ സാംസ്കാരികം, ടൂറിസം, ലേബർ, ആഭ്യന്തിരം, നിയമം തുടങ്ങിയ വകുപ്പുകളുമായും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ തുടങ്ങിയ സ്ഥാപനങ്ങളുമായും ചർച്ച നടത്തുന്നതാണ്. ചുരുങ്ങിയത് 30 വർഷമെങ്കിലും തികച്ചും പ്രസക്തമായി നിലകൊള്ളേണ്ട സിനിമാനയം ജനുവരിയിൽ നടക്കുന്ന ഫിലിം കോൺക്ലേവിൽ സമിതി അവതരിപ്പിക്കുന്നതാണ്.

നയ രൂപീകരണത്തിന്റെ ഭാഗമായി സിനിമ ആസ്വാദകരായ പൊതുജനങ്ങളിൽ നിന്നും സമിതി നിർദേശങ്ങൾ സ്വരൂപിക്കുവാൻ ആഗ്രഹിക്കുന്നു. താല്പര്യമുള്ള വ്യക്തികൾ താഴെ നൽകിയിട്ടുള്ള വിഷയങ്ങളിൽ തങ്ങളുടെ ശുപാർശകളുടെ ഒരു ലഘു വിവരണം 10/11/2024 നു മുൻപായി KSFDC ചലച്ചിത്രകലാഭവൻ വഴുതക്കാട്, തിരുവനന്തപുരം -695014 എന്ന വിലാസത്തിലോ keralafilmpolicy@gmail.com എന്ന ഇമെയിൽ വിലാസത്തിലോ അയക്കേണ്ടതാണ്.

a) നൂറു വർഷം തികയുന്ന മലയാള സിനിമയ്ക്ക് എങ്ങനെ ഒരു വ്യവസായ അടിത്തറ നൽകാം.

b) മലയാള സിനിമയുടെ അന്താരാഷ്ട്ര വാണിജ്യ സാധ്യത എങ്ങനെ വർദ്ധിപ്പിക്കാൻ കഴിയും.

c) AI അടക്കമുള്ള നൂതന സാകേതികത വിദ്യ സ്വായത്തമാക്കാൻ എങ്ങനെ മലയാള സിനിമ മേഖലയെ സജ്ജമാക്കാം.

d) ചിത്രഞ്ജലി സ്റ്റുഡിയോ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള മാർഗ്ഗ നിർദേശങ്ങൾ.